Pi-1621/12

...ights Law Network
...UNIT

41/3661, Amples Building,
Amulya Street, Kochi-18
✆:2390680, Mob : 98470 32397

19.1.12

2/1/12

To The Public Information Officer
District Social Welfare Office
Mini Civil Station, Pathanamthitta

സർ,

വിഷയം: **വിവരാവകാശനിയമം 2005 - വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള അപേക്ഷ**

ബാലനീതി നിയമം 2005 (ജെ.ജെ. ആക്ട് 2000) പ്രകാരം സ്ഥാപിക്കപ്പെട്ട കുട്ടികൾക്ക് വേണ്ടിയുള്ള ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, ചിൽഡ്രൻസ് ഹോം, എന്നിവയെ സംബന്ധിക്കുന്ന പൊടുവായ കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനുള്ള അപേക്ഷ.

എ. മേൽപ്പറഞ്ഞ ഹോമുകളുടെ അടിസ്ഥാന ഘടന എപ്രകാരമാണ്? എത്ര സ്റ്റാഫുകൾ ഉണ്ട്? എത്ര കെയർ ടേക്കേഴ്സ് ഉണ്ട് ? ഇതിന്റെ കാലാവധി എത്രയാണ്? സ്റ്റാഫുകളുടെ യോഗ്യത എന്താണ്? ഫുൾടൈം അതോ പാർട്ട് ടൈം ആണോ? താമസിച്ച് ജോലി ചെയ്യുന്നവരാണോ ? അതോ പോയി വരുന്നവരാണോ ?

ബി. ഈ മൂന്നു ഹോമുകളിലും ആയി എത്ര കുട്ടികളെ വീതം താമസിപ്പിക്കാനുള്ള സൗകര്യമുണ്ട്.? എത്ര മുറികൾ ഉണ്ട് ? ബാത്ത് റൂമുകളും ടോയ്ലറ്റുകളും എത്ര?

സി. മേൽപ്പറഞ്ഞ നിയമപ്രകാരം ഏതു വർഷമാണ് ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, ചിൽഡ്രൻസ് ഹോം എന്നിവ സ്ഥാപിതമായത്? 2002 -2011 കാലയളവിൽ എത്ര കുട്ടികൾക്ക് ഈ ഹോമുകളിൽ പ്രവേശനം നൽകപ്പെട്ടിട്ടുണ്ട്?

ഡി. ടി ഹോമുകളിൽ പ്രവേശനം നൽകപ്പെട്ട കുട്ടികൾക്ക് പഠനം തുടർന്ന് കൊണ്ട് പോകുവാൻ എന്തൊക്കെ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്?

ഇ. വൈദ്യസഹായം എങ്ങനെയാണ് ലഭ്യമാക്കുന്നത്? മാസത്തിലെത്ര പ്രാവശ്യം ഡോക്ടർ കുട്ടികളെ പരിശോധിക്കാൻ വരാറുണ്ട്? സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കാറുണ്ടോ?

എഫ്. ടി ഹോമുകളിൽ താമസിക്കുന്ന കാലയളവിൽ മാതാപിതാക്കളുമായോ ബന്ധുക്കളുമായോ സന്ദർശിക്കാനോ അവരുമായി സംസാരിക്കാനോ അനുവദിക്കാറുണ്ടോ?

ജി. എന്തൊക്കെ പഠനേതര പരിശീലന പരിപാടികളാണ് കുട്ടികൾക്ക് വേണ്ടി ലഭ്യമാക്കുന്നത്?

എച്ച്. മദ്യപാനത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട കുട്ടികൾക്ക് നല്ല നടപ്പിന് വേണ്ട എന്തൊക്കെ കാര്യങ്ങളാണ് ചെയ്തു കൊടുക്കുന്നത്? അവർ മറ്റുള്ള കുട്ടികൾക്കൊപ്പമാണോ സഹവസിക്കുന്നത്?

ഐ. എച്ച്.ഐ.വി., ഡിസെബിലിറ്റി, ലെപ്രസി ബാധിതരായ കുട്ടികൾക്ക് ടി ഹോമുകളിൽ പ്രവേശനം നൽകാറുണ്ടോ? ഉണ്ടെങ്കിൽ അവർക്കുള്ള പ്രത്യേക സൗകര്യങ്ങൾ എന്തൊക്കെയാണ്?

ജെ. ടി ഹോമുകളിലെ കുട്ടികളുടെ ഭക്ഷണരീതികൾ എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്?

കെ. ടി ഹോമുകളിലെ കുട്ടികൾക്ക് പഠനത്തോടനുബന്ധമായോ അല്ലാതെയോ എന്തൊക്കെ പ്രായോഗിക പരിശീലന പ്രവർത്തനങ്ങളാണ് പ്രത്യേകമായി നൽകുന്നത്?

എൽ. ടി ഹോമുകളിൽ നിന്നും വിടുതൽ നൽകുന്ന കുട്ടികൾക്ക് പുനരധിവാസത്തിനുള്ള എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത്?

എം. 2002 - മുതൽ 2011 - വരെയുള്ള കാലയളവിൽ എത്ര കുട്ടികളെയാണ് സ്വന്തം മാതാപിതാക്കളോടൊപ്പം തിരിച്ചയച്ചിട്ടുള്ളത്? മാതാപിതാക്കളോ

ടൊപ്പം പോകാത്ത കുട്ടികളെ എങ്ങനെയാണ് പുനരധിവസിപ്പിക്കുന്നത്? എത്ര കുട്ടികളെ ദത്തെടുക്കൽ വഴി പുനരധിവസിപ്പിച്ചിട്ടുണ്ട്?

എൻ. ഫോസ്റ്റർ കെയർ വഴി കുട്ടികളുടെ പുനരധിവാസം നടത്തുന്നുണ്ടോ? ഉണ്ടെങ്കിൽ എത്ര കുട്ടികളെ ഈ കാലയളവിൽ ടി വഴി പുനരധിവാസം നൽകിയിട്ടുണ്ട്?

ഒ. ടി ഹോമുകളിൽ മാനേജ്മെന്റ് കമ്മിറ്റിയിൽ എത്ര അംഗങ്ങളുണ്ട്? ആരാണ് ചെയർ പേഴ്സൺ?

പി. മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുട്ടികളെ ടി ഹോമുകളിൽ തന്നെയാണോ താമസിപ്പിക്കുന്നത് അതോ അവരുടെ അതാതു സംസ്ഥാനത്തേക്ക് തിരിച്ചയക്കാറുണ്ടോ? ഇല്ലെങ്കിൽ മീഡിയേറ്ററുടെ സേവനവും സഹായവും ലഭ്യമാക്കാറുണ്ടോ? ടി കുട്ടികളുടെ പഠനാവശ്യങ്ങൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് പ്രത്യേകമായി സജ്ജമാക്കിയിട്ടുള്ളത്?

ടി അപേക്ഷക്ക് ആവശ്യമായ ഫീസ് രൂ.10/- കോർട്ട് ഫീ സ്റ്റാമ്പായി പതിച്ചിരിക്കുന്നു.




അഡ്വ. സന്ധ്യരാജു

ഡയറക്ടർ